**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൗമാരക്കാരിലെ ലഹരി ഉപഭോഗം നിയന്ത്രിക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ വി ശശി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ പുതുതലമുറയെ ലഹരിയിൽനിന്നും അക്രമവാസനകളിൽനിന്നും പൂർണ്ണമായും പിന്തിരിപ്പിക്കുന്നതിനുവേണ്ടി സജീവമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | കേരളത്തിലെ പുതുതലമുറയെ ലഹരിയിൽ നിന്നും അക്രമവാസനകളിൽ നിന്നും പൂർണ്ണമായി പിൻതിരിപ്പിക്കുന്നതിനു വേണ്ടി സജീവമായി ഇടപെടൽ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് പരിരക്ഷ, സുരക്ഷ, പങ്കാളിത്തം എന്നീ ഘടകങ്ങളെ പരിഗണിച്ച കൊണ്ടുള്ള വിപുലമായ ഒരു കർമ്മ പദ്ധതി തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് സഹായകമാകുന്ന വിധത്തിൽ വീട്ടും വിദ്യാലയവും ഒരുമിച്ച് പ്രവർത്തിക്കുന്നതിന് ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് വീട്ടും വിദ്യാലയവും പരസ്പര ബന്ധമുള്ള സാമൂഹിക സംവിധാനങ്ങളാണ്. ആയതിനാൽ വീട്ടും വിദ്യാലയവും ഉൾച്ചേർത്തുള്ള നിരവധി പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പിൻറെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. അമ്മ റിസോഴ്സ് ഗ്രൂപ്പ് എന്ന പേരിൽ അമ്മമാരുടെ കൂട്ടായ്മ സ്കൂൾ തലത്തിൽ രൂപീകരിക്കുകയും ആയത് കുടുംബങ്ങളിലെ ലഹരി സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തി സ്കൂൾ ജാഗ്രതാ സമിതിക്ക് കൈമാറി ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായി ശ്രമിക്കുന്നുണ്ട്. സൗഹൃദ ക്ലബിന്റെ നേതൃത്വത്തിൽ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും "മക്കളെ അറിയാൻ" എന്ന പേരിൽ ശരിയായ രക്ഷകർതൃത്വവുമായി ബന്ധപ്പെട്ട് ഒരു സെഷൻ നൽകി വരുന്നുണ്ട്. അതിന് ഡോക്ടർമാർ ആണ് സാധാരണ ഗതിയിൽ നേതൃത്വം നൽകാറുള്ളത്. ഈ ഒരു മോഡ്യൂളിൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു സെഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂളിലും ഈ പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | നടത്താനുള്ള നിർദ്ദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്കൂൾ കാമ്പസിലും പുറത്തും ശക്തമായ ലഹരിവിരുദ്ധ പ്രചാരണം നടത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ; | (സി) | സ്കൂൾ ക്യാമ്പസിലും പുറത്തും ലഹരി വിരുദ്ധ പ്രചാരണം നടത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാലയ തലത്തിൽ ജാഗ്രതാ ബ്രിഗേഡുകൾ രൂപീകരിക്കുകയും ആന്റി നാർക്കോട്ടിക് ക്ലബ്ബുമായി ചേർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ അവർക്ക് പരിശീലനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1680 ഗവ/ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. കൗമാരക്കാരുടെ ശാക്തീകരണത്തിനായാണ് സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നത്. സ്കൂളുകളിലെ ഒരു അദ്ധ്യാപകന്/ അദ്ധ്യാപികക്ക് സൗഹൃദ കോർഡിനേറ്റർമാരുടെ ചുമതല നൽകി വരുന്നു. സൗഹൃദ കോർഡിനേറ്റർമാർക്ക് പ്രാഥമികമായി മൂന്ന് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകി വരുന്നുണ്ട്. അതിൽ ഒരു സെഷൻ വിദ്യാർത്ഥികളിലെ മയക്കുമരുന്ന് തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators } ഉൾപ്പെടുത്തിയിട്ടുണ്ട്. സൗഹൃദ ക്ലബ്ബുള്ള 1680 ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് 'Student Convenors Training'ന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തേപ്പറ്റിയും അതുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളേപ്പറ്റിയും പരിശീലനം നൽകുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് വിദ്യാർത്ഥികളുടെ ഇടയിലുള്ള ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനായി "Life Style Disease Screening and Intervention Programme" മുഴുവൻ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഇത്തരം ജീവിതശൈലീ രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ തൊട്ടടുത്ത പി.എച്ച്.സികളുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന ദന്ത പരിശോധനാ ക്യാമ്പുകളിലൂടെ ലഹരിയോട് വിധേയത്വമുള്ള കുട്ടികളെ കണ്ടെത്തി പരിചരണം നടത്തുന്നതിന് വകുപ്പ് യത്നിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൻറെ പിൻതുണയോടെ വിമുക്തി മിഷൻ ക്യാമ്പയിൻറെ ഭാഗമായി കുട്ടികളിൽ സ്പോർട്സ് മത്സരങ്ങൾ 'പുതുലഹരി ക്യാമ്പയിൻ' എന്ന പേരിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ലഹരി നിർമ്മാർജ്ജനം പ്രവർത്തനലക്ഷ്യമാക്കി കുട്ടികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ പാർലമെൻറ് സംഘടിപ്പിക്കുകയും ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സംവാദ സദസ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥികളെ ലക്ഷ്യമിടുന്ന ലഹരിമരുന്നു വ്യാപാരികളെ കണ്ടെത്തുന്നതിനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രഥമ പരിഗണന നൽകുന്നത്. ലഹരി മരുന്നു വ്യാപാരികളെ കണ്ടെത്തുന്നതിനും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും നിയമ നിർവ്വഹണ സ്ഥാപനങ്ങളെ പൊതുവിദ്യാഭ്യാസ വകുപ്പ് സഹായിക്കുന്നുണ്ട്. സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ എക്സൈസ് വകുപ്പിന് കൈമാറുന്നത് അത്തരം പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ്. |

സെക്ഷൻ ഓഫീസർ